(3) പന്തളത്ത് സംയുക്ത ക്രിസ്തുമസ്സ് ദിനാഘോഷത്തിന്റെ സമാപന സമ്മേളനത്തിനുനേർക്കുണ്ടായ ആക്രമണം

ശ്രീ. പി.കെ. കുമാരൻ : സർ, ഇക്കഴിഞ്ഞ 25-ാം തീയതി ക്രിസ്തുമസ് ദിനത്തിൽ പന്തളം വൈ.എം.സി.എ.യുടേയും സമീപ പ്രദേശങ്ങളിലെ ക്രിസ്ത്യൻ ഇടവകകളുടേയും സംയുക്താഭിമുഖ്യത്തിൽ ക്രിസ്തുമസ്സ് ആഘോഷ പരിപാടികൾ നടന്നു. പന്തളം, തുമ്പമൺ, കുളനട, കുടശ്ശനാട്, ഇടപ്പോൺ തുടങ്ങിയ മേഖലകളിലുള്ള ക്രിസ്ത്യൻ ഇടവകകളിൽനിന്നും ആയിരക്കണക്കിന് ആളുകൾ ആഘോഷപരിപാടിയിൽ പങ്കെടുത്തു. പന്തളം ജംഗ്ഷനിൽ നിന്നും സംയുക്ത ഘോഷയാത്ര മെഡിക്കൽ മിഷൻ ജംഗ്ഷനിലുള്ള ഇംഗ്ലീഷ് മീഡിയം യു.പി. സ്കൂളിൽ സമാപിച്ചശേഷം അവിടെ പൊതു സമ്മേളന പരിപാടികൾ ആരംഭിച്ചു. ബഹുമാന്യനായ രമേശ് ചെന്നിത്തല എം.പി. ആ പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്. ആ സമ്മേളനത്തിൽ ഒരു ആശംസകനായിരുന്നു ഞാൻ. എന്നാൽ ബഹുമാന്യനായ എം.പി. അവിടെ വന്നില്ല. ആ സമ്മേളനം ആരംഭിച്ചുകഴിഞ്ഞപ്പോൾ ഗ്രൗണ്ടിന്റെ എതിർഭാഗത്തുനിന്നും ആളുകൾ നാലുഭാഗത്തേയ്ക്കും ഓടുന്നതുകണ്ടു. ചില ആളുകൾ ഗ്രൗണ്ടിന്റെ മതിൽ കടന്ന് പുറത്തുചാടുന്നതും കണ്ടു. അവസാനം ഒന്നുരണ്ട് ആളുകൾ പ്രസംഗവേദിയിൽ എത്തി. അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്, ആർ.എസ്സ്.എസ്സുകാരായ പത്തിൽ താഴെയുള്ള സമൂഹ്യദ്രോഹികൾ ആ സമ്മേളന ഗ്രൗണ്ടിൽ കടന്നുകയറി വളരെ ഭീകരമായ നിലയിൽ ആക്രണം നടത്തി, അങ്ങനെ ആളുകൾ ഭയവിഹ്വലരായി ഓടുകയായിരുന്നു എന്നാണ്. അവിടെ പോലീസ് വേണ്ടത്ര ജാഗ്രത കാണിച്ചില്ല. ഈ സംഭവം കഴിഞ്ഞ് നാലഞ്ചു ദിവസമായെങ്കിലും അക്കാര്യത്തിൽ ഇതുവരെ പ്രതികളെ അറസ്റ്റ് ചെയ്യാനോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോ തയ്യാറായിട്ടില്ല. പലരും ആശുപത്രിയിലുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട ഗവൺമെന്റും മുഖ്യമന്ത്രിയും ഗൗരവമായിട്ട് എടുക്കണം. അടിയന്തിരമായി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ വിനയപൂർവം അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 23.12.1999-ന് പത്തനംതിട്ട ജില്ലയിൽ പന്തളം സെന്റ് തോമസ് പള്ളിയിൽ വൈ.എം.സി.എ.യുടെ ആഭിമുഖ്യത്തിൽ സംയുക്ത ക്രിസ്തുമസ് ആഘോഷപരിപാടികൾ നടന്നു. ഇതിന്റെ ഭാഗമായി നടന്ന റാലിയെത്തുടർന്ന് വൈകുന്നേരം 5.15-ന് സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മൈതാനത്തിൽ പൊതുസമ്മേളനം ആരംഭിച്ചു. സ്വാഗതപ്രസംഗം തുടങ്ങിയപ്പോൾ ചില സാമൂഹ്യവിരുദ്ധർ സ്റ്റേജിന് മുന്നിൽ ബഹളം ഉണ്ടാക്കുകയും പരിപാടി അലങ്കോലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. അടിപിടിയിൽ രണ്ടുപേർക്ക് പരിക്ക്പറ്റി. ഇതു സംബന്ധിച്ച് പന്തളം പോലീസ് സ്റ്റേഷനിൽ ക്രൈം 441/99-ാം നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്.

(4) കണ്ടന്നൂർ സ്വദേശി സി.ടി. കുഞ്ഞുമോന്റെ ഘാതകനെ അറസ്റ്റ് ചെയ്യേണ്ടത് സംബന്ധിച്ച്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കൊച്ചി കണ്ടന്നൂർ ചാന്തക്കരി കുഞ്ഞുമോൻ എന്ന ഡ്രൈവറെ ടാക്സിയുമായി പോകുമ്പോൾ ടാക്സികാർ

LIBRARY ARCHIVES Kerala Legislative Assembly

തട്ടിയെടുത്ത് ഏറ്റവും മൃഗീയമായി കൊലപ്പെടുത്തിയ സംഭവം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുകയാണ്. ഡിസംബർ 18-ാം തീയതി ശനിയാഴ്ച രാത്രി ഏഴുമണിയോടെ തൃപ്പൂണിത്തുറ ടാക്സി സ്റ്റാൻഡിൽനിന്നും ടൂറിസ്റ്റ് ടാക്സി കെ.ആർ.കെ.യു. 7642-മായി ഡ്രൈർ കുഞ്ഞുമോനെ കാണാതായി. ഡിസംബർ 19-ാം തീയതി രാവിലെ കുഞ്ഞുമോന്റെ മൃതദേഹം ചാക്കിൽകെട്ടിയ നിലയിൽ കോഴിക്കോട് തേഞ്ഞിപ്പാലം യൂണിവേഴ്സിറ്റിക്കു സമീപം കാണപ്പെടുകയുണ്ടായി. കുഞ്ഞുമോനെ കൊന്നതിനുശേഷം കാർ തട്ടിയെടുക്കുകയായിരന്നു. ഇതുവരെ കൊലപാതകികളെ കണ്ടുപടിക്കാനോ ടാക്സി കണ്ടെത്താനോ കഴിഞ്ഞിട്ടില്ല. ഈ കേസ്സ് ഇപ്പോൾ തൃപ്പൂണിത്തുറ പോലീസാണ് അന്വേഷിക്കുന്നത്. അന്വേഷണം എങ്ങും എത്തിയിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയ്ക്ക് മൂന്നു സംഭവങ്ങൾ ഇതുപോലെ ഉണ്ടായി. ആ സംഭവങ്ങളും തെളിഞ്ഞിട്ടില്ല. മരിച്ച കുഞ്ഞുമോൻ പട്ടികജാതിയിൽപ്പെട്ട ആളാണ്, കിടപ്പാടം പോലുമില്ലാത്ത ആളാണ്. ആകെയുള്ളത് രണ്ടര സെന്റ് സ്ഥലം മാത്രമാണ്. തയ്യൽ ക്ലാസ്സിൽ പോകുന്ന മകളും ജോലിയില്ലാത്ത ഭാര്യയുമാണ് അദ്ദേഹത്തിന് ഉള്ളത്. ഇതുവരെയായി ഒരു വില്ലേജ് ആഫീസർപോലും ആ വീട്ടിൽ പോയി അന്വേഷിക്കുകയോ എന്തെങ്കിലും സാമ്പത്തിക സഹായം കൊടുക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഈ കേസ്സ് അന്വേഷിക്കുകയും കുറ്റവാളികളെ കണ്ടെത്തുകയും അനാഥമായ കുടുംബത്തെ സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഇതു സംബന്ധിച്ച് ശ്രീ. കെ. ബാബുവും ഒരു നോട്ടീസ് തന്നിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) തൃപ്പൂണിത്തുറ കണ്ടന്നൂർ സ്വദേശി സി.ടി. കുഞ്ഞുമോൻ (45 വയസ്സ്) എന്ന ആളിനെ കാണാതായതിനെ സംബന്ധിച്ച് ഡിസംബർ 20-ന് വൈകുന്നേരം 6.30-ന് ഹിൽ പാലസ് പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചു. കുഞ്ഞുമോൻ ഓടിച്ചിരുന്ന കെ.ആർ.ഒ. 642-ാം നമ്പർ ടൂറിസ്റ്റ് ടാക്സി ഡിസംബർ 18-ന് തൃപ്പൂണിത്തുറയിൽനിന്നും ആരോ വിളിച്ചുപോയതിനുശേഷമാണ് ടിയാനെ കാണാതായതെന്ന് പരാതിയിൽ പറഞ്ഞിരുന്നു. ഇതു സംബന്ധിച്ച് ഹിൽ പാലസ് പോലീസ് സ്റ്റേഷനിൽ ക്രൈം 312/99-ാം നമ്പറായി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ ഡിസംബർ 19-ന് മലപ്പുറം തേഞ്ഞിപ്പാലത്ത് ചെട്ടിയാർമാട് എന്ന സ്ഥലത്ത് കാണപ്പെട്ട മൃതദ്ദേഹം കുഞ്ഞുമോന്റേതാണെന്ന് തിരിച്ചറിഞ്ഞു. മരണ സാഹചര്യത്തെക്കുറിച്ചും കാണാതായ കാർ കണ്ടെത്തുന്നതിനും അന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) ജാതി തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന ആവശ്യം

ശ്രീ. നാലകത്ത് സൂപ്പി : സർക്കാർ സർവ്വീസുകളിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്നുവരെ ഉണ്ടായിരുന്ന നിയമനങ്ങളിൽ ഓരോ സമുദായത്തിനും കിട്ടിയ പ്രാതിധിധ്യത്തെ സംബന്ധിച്ചിടത്തോളം, ഒരു സ്ഥിതിവിവരക്കണക്ക് ശേഖരിക്കണമെന്ന ആവശ്യം വളരെക്കാലമായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. അങ്ങനെ ജാതി തിരിച്ചുള്ള കണക്ക് പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ഇവിടെ തന്നെ പല ചർച്ചകളും നടന്നു. മുൻ ഗവൺമെന്റുകളാകട്ടെ, സുന്ദരേശൻകമ്മീഷൻ റിപ്പോർട്ടിൽ ഇതിനെ സംബന്ധിച്ച് തീരുമാനിച്ചു. അതുപോലെ തന്നെ കഴിഞ്ഞകാലത്ത്

LIBRARY ARCHIVES Kerala Legislative Assembly